# 2.അനുഭൂതികൾ ആവിഷ്കാരങ്ങൾ



*"അൻപുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ*
*നൺപെന്ന മഹിത സൗഭാഗ്യം"-തിറുക്കുറൽ ( തിരുവള്ളുവർ )*

[*അൻപ് - സ്നേഹം, നൺപ്-സൗഹൃദം, ബന്ധ, മാബന്ധങ്ങൾ-ആത്മബന്ധങ്ങൾ ]

**നമ്മെ സ്നേഹിക്കുന്ന അന്യരോട് തോന്നുന്ന ആത്മബന്ധങ്ങളാണ് സൗഹൃദം .ഇത്തരം സൗഹൃദങ്ങൾ മഹത്തായ സൗഭാഗ്യമാണ്. ജീവിതത്തെ സമഗ്രമായി നോക്കി കാണുന്ന തമിഴ് കാവ്യമായ തിരുക്കുറലിൽ നിന്നുള്ള വരികൾ.**

- *എല്ലാവരുടെയും മനസ്സിൽ നിഷ്കളങ്കമായ സ്നേഹമുണ്ട്.*
- *സ്നേഹത്തിന്റെ നീരുറവകൾ പൊട്ടിപ്പുറത്തേക്ക് ഒഴുകമ്പോഴുണ്ടാകുന്ന അനുഭൂതികൾ മനോഹരമായി ആവിഷ്കരിച്ച കൃതികൾ മലയാളത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്.*
- *ഹൃദയ സ്പർശിയായ അനുഭവങ്ങളാണ് അനുഭൂതിയായി മാറുന്നത്.*
- *സാഹിത്യം ജീവിതാഖ്യാനമാണ്.*
- *സ്നേഹം, ബന്ധങ്ങൾ, സ്വാർത്ഥത,ഏകാന്തത ,തുടങ്ങി എഴുത്തുകാർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ആവർത്തിച്ചേക്കാമെങ്കിലും അവരുടെ സർഗാത്മകത കൂടിചേരുമ്പോൾ സാഹിത്യ സൃഷ്ടികൾ നവ്യമാകുന്നു.*
- *അനുഭൂതികളുടെ ആവിഷ്കാരങ്ങൾ ആസ്വാദകന്റെ മനോമണ്ഡലത്തിൽ വ്യത്യസ്ത തലത്തിൽ സ്വാധീനം ചെലുത്തുന്നു.*

**പാഠഭാഗങ്ങൾ :**

വിശ്വരൂപം -ലളിതാംബിക അന്തർജനം
പ്രിയദർശനം -കുമാരനാശാൻ
കടൽത്തീരത്ത് -ഒ.വി.വിജയൻ

---

Prepared by:Suresh Areacode,HST(Malayalam),Ghss Areacode,Malayalam,ph:9562521509